ദീപിക

# അമുൽ മാതൃകയിൽ സംഘടിതരായി ആറുലക്ഷം തെങ്ങുകൃഷിക്കാർ




2

വൈ.എസ്. ജയകുമാർ

അമുൽ മാതൃകയിൽ തെങ്ങുകൃഷിക്കാരെ ത്രിതല സംവിധാനത്തിൽ സംഘടിപ്പിച്ചു പുത്തൻ കാർഷിക വിപ്ലവത്തിനു തുടക്കംകുറിക്കുകയാണു നാളികേര വികസന ബോർഡ്. രാഷ്ട്രീയ, ഉദ്യോഗസ്ഥ നിയന്ത്രണങ്ങളില്ലാതെ രൂപീകരിച്ച ഉത്പാദകസംഘങ്ങളിൽ 40 മുതൽ 100 വരെ കർഷകർ അംഗങ്ങളാണ്. ഈ സംഘങ്ങൾക്കു നാളികേര വികസന ബോർഡ് രണ്ടുവർഷത്തേക്ക് അക്രഡിറ്റേഷൻ നൽകുന്നു. കായ്ഫലമുള്ള പത്തു തെങ്ങ് സ്വന്തമായുള്ള കർഷകനു സംഘത്തിൽ അംഗമാകാം.

ഇത്തരത്തിൽ 5667 സംഘങ്ങളിലായി ആറു ലക്ഷത്തിലേറെ നാളികേര കർഷകരാണ് 3715 ഫെഡറേഷനുകളിലായി സംഘടിതരായത്. 15 മുതൽ 25 വരെ ഉത്പാദക സംഘങ്ങൾ ചേർന്ന ഫെഡറേഷനിൽ ആയിരത്തോളം കർഷകരും ഒരു ലക്ഷം തെങ്ങുമുണ്ട്. എട്ടു മുതൽ പത്തുവരെ ഉത്പാദക ഫെഡറേഷനുകൾ ചേർന്നാൽ കമ്പനിയാക്കാം. ഇതിനു കീഴിൽ 8,000 മുതൽ 10,000 വരെ കർഷകരും പത്തുലക്ഷം തെങ്ങുമുണ്ടാകും. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതവും ധനകാര്യ സ്ഥാപനങ്ങളുടെ വായ്പയും കർഷകരുടെ ഓഹരി മൂലധനവും സ്വരൂപിച്ചാണു കമ്പനി പ്രവർത്തന മൂലധനം കണ്ടെത്തുന്നത്.

ഒരു കമ്പനിക്കു കീഴിലെ ഒരു ലക്ഷം തെങ്ങിൽ നിന്ന് 1000 തെങ്ങ് ആദ്യം ചെത്തും. 13 കമ്പനികളുടെ കീഴിലെ 13,000 തെങ്ങാവും ആദ്യഘട്ടത്തിൽ ചെത്തുക. ഒരു തെങ്ങിൽ രണ്ടു ലിറ്റർ നീരയെന്ന കണക്കിൽ 26 ലക്ഷം നീര പ്രതീക്ഷിക്കുന്നു. ഒരു ലിറ്റർ നീരയ്ക്ക് 25 രൂപ നിരക്കിൽ 26 ലക്ഷം നീരയ്ക്ക് ആറരകോടി രൂപ കർഷകനു നൽകാനാകുമെന്നാണു കണക്കുകൂട്ടുന്നത്.

നീര ഉത്പാദനത്തിന്റെ അടുത്തഘട്ടത്തിൽ 18 ലക്ഷം തെങ്ങ് ചെത്താനാണു ലക്ഷ്യമിടുന്നത്. ഇത് ആകെയുള്ള 18 കോടി തെങ്ങിന്റെ ഒരു ശതമാനമാണ്. 18 ലക്ഷം തെങ്ങിൽ നിന്ന് 36 ലക്ഷം ലിറ്റർ നീര കിട്ടും. 36 ലക്ഷം ലിറ്റർ നീരയ്ക്ക് 25 രൂപ നിരക്കിൽ 9 കോടി രൂപ കർഷകന് നൽകാനാകും. ചെത്തിയെടുക്കുന്ന നീര മുഴുവൻ ശീതളപാനീയമാക്കി വിൽക്കാനല്ല ഉദ്ദേശിക്കുന്നത്. ഒരു ഭാഗം നീര മൂല്യവർധിത ഉത്പന്നമാക്കും.

(തുടരും)

## നാളികേര കർഷകനു ദിവസം 250 രൂപയെങ്കിലും ലഭ്യമാക്കുക ടി.കെ. ജോസിന്റെ സ്വപ്നം

കേരളത്തിലെ തെങ്ങു കൃഷികാർക്കു ദിവസേന 250 രൂപ വീതമെങ്കിലും വരുമാനം നേടിക്കൊടുക്കാനാണു നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ലക്ഷ്യമിടുന്നത്.

അഞ്ചു തെങ്ങ് നീര ചെത്താൻ നൽകുന്ന കർഷകനു പത്തു ലിറ്റർ നീര ദിവസേന കിട്ടും. ഒരു ലിറ്റർ നീരയ്ക്ക് 25 രൂപ വീതം കണക്കാക്കിയാൽ 250 രൂപ ലഭിക്കും. ആറുമാസം ചെത്തുന്ന തെങ്ങിനു വിശ്രമം നൽകുമ്പോൾ അടുത്ത തെങ്ങ് ചെത്താൻ നൽകാനാകും. അങ്ങനെ വർഷം മുഴുവൻ കർഷകനു വരുമാനം ലഭിക്കും.

ദിവസം പത്തു ലിറ്റർ നീര വിൽക്കുന്ന കർഷകന് ഒരു ലിറ്റർ നീരയ്ക്ക് 25 രൂപ നിരക്കിൽ 30 ദിവസം കൊണ്ട് 7500 രൂപ കിട്ടും. ഇങ്ങനെ വർഷത്തിൽ എല്ലാ സമയത്തും അഞ്ചു തെങ്ങുവീതം ചെത്താൻ നൽകുന്ന കർഷകന് ഒരു വർഷം 91,250 രൂപ വരുമാനം ലഭിക്കാം.

കേരളത്തിലെ 72 ലക്ഷം കുടുംബങ്ങളിൽ 45 ലക്ഷത്തിലും തെങ്ങു കൃഷിയുണ്ട്. തെങ്ങിൽനിന്നു ലഭിക്കുന്ന വരുമാനത്തിൽ 95 ശതമാനവും വീണ്ടും ചെലവഴിക്കുന്നു. അതിനാൽ തെങ്ങിൽ നിന്നു ലഭ്യമാകുന്ന വരുമാനം സമൂഹത്തിന്റെ എല്ലാ മേഖലയിലേക്കും എത്തി കേരളത്തിന്റെ സാമ്പത്തികനിലയെ ക്രിയാത്മകമായി ചലിപ്പിക്കും.

സൗദി അറേബ്യയിൽ എവിടെ കുഴിച്ചാലും കിട്ടുന്ന കരിഓയിൽ ശല്യമായി കരുതിയിരുന്ന കാലമുണ്ടായിരുന്നു. പിന്നീട് അതു സംസ്കരിച്ചു ലോക വിപണിയിൽ എത്തിച്ചതോടെ ആ രാജ്യം സാമ്പത്തിക ഉന്നതിയിലേക്കു കുതിച്ചു. അതേപോലെ നീരയും മൂല്യവർധിത ഉത്പന്നങ്ങളും കേരളത്തെ സാമ്പത്തിക വളർച്ചയിലേക്കു നയിക്കുമെന്നു ടി.കെ. ജോസ് പറയുന്നു. കേരളത്തിൽ ചെത്തുന്ന തെങ്ങുകളുടെ എണ്ണം പത്തുവർഷംകൊണ്ട് 50 ലക്ഷമായി ഉയർത്തുമ്പോൾ പ്രതിദിന നീര ഉത്പാദനം 100 ലക്ഷം ലിറ്ററായി വർധിപ്പിക്കാമെന്ന് അദ്ദേഹം കണക്കുകൂട്ടുന്നു.

പെട്രോളിനു കേരളത്തിലെ വില നികുതികളടക്കം 70 രൂപയോളമാണ്. എന്നാൽ, കേരളത്തിൽ ഒരു ലിറ്റർ നീര വിൽക്കുന്നതു 120 രൂപയ്ക്കാണ്. വൻകിട നിക്ഷേപമൊന്നുമില്ലാതെയാണു കർഷകർക്ക് ഈ തുക കിട്ടുന്നത്. കേരളത്തിലെ 18 കോടി തെങ്ങിന്റെ ഒരു ശതമാനം ചെത്തിയാൽ ദിവസം 36 ലക്ഷം ലിറ്റർ നീരയും അതിൽ നിന്ന് 900 ലക്ഷം രൂപ വരുമാനവും കിട്ടും.

നാളികേര വികസന ബോർഡ് 15 വർഷത്തിലേറെയായി നടത്തുന്ന പ്രയത്നഫലമായാണ് ആറു ലക്ഷം കർഷകരെ സംഘടിപ്പിച്ചത്. മിനി മാത്യു നാളികേര വികസന ബോർഡ് ചെയർമാനായിരിക്കെ 2005-ലാണു നീര ഉത്പാദന ചർച്ച തുടങ്ങുന്നത്. നീര സംസ്കരണവിദ്യ ആദ്യമായി വികസിപ്പിച്ചെടുത്ത കേരള കാർഷിക സർവകലാശാലയിൽ പടലപ്പിണക്കം കാരണം ഗവേഷണസംഘത്തലവൻ ഡോ. എം.പി. ഗിരിധരനെ ഒഴിവാക്കി. ഇതോടെ നീര ഗവേഷണത്തിനു കാറ്റുവീഴ്ച ബാധിച്ചു.

2011-ൽ ടി.കെ. ജോസ് നാളികേര വികസന ബോർഡ് ചെയർമാനായി ചുമതലയേറ്റപ്പോൾ തെങ്ങ് കയറാൻ തൊഴിലാളിയെ കിട്ടാത്ത സ്ഥിതിവിശേഷം പലരും ശ്രദ്ധയിൽപ്പെടുത്തി. ഇതേത്തുടർന്ന് 2011 ലെ ചിങ്ങം ഒന്നിന് തെങ്ങു കയറുന്നതിനുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനത്തിനു തുടക്കമായി. യന്ത്രസഹായത്താൽ പരിശീലനം തുടങ്ങിയപ്പോൾ കേട്ടവരിൽ പലരും കളിയാക്കി. കെട്ടിട നിർമാണത്തിനുപോലും കേരളത്തിൽ നിന്ന് ആളെ കിട്ടാത്ത സ്ഥിതിയിൽ പരിശീലനം നേടാൻ ആളെത്തുമോ എന്നായിരുന്നു നാട്ടുകാർ ചോദിച്ചത്. എന്നാൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം വിജയിച്ചു.

അതിനായി രൂപികരിച്ച കൂട്ടായ്മയാണു നാളികേര ഉത്പാദക സംഘങ്ങളായി രൂപം മാറിയത്. 2012-13 സാമ്പത്തിക വർഷം 5000 സംഘം രൂപീകരിക്കാൻ ലക്ഷ്യമിട്ട സ്ഥാനത്ത് അത് 7000 കടന്നു. ഇതോടെ ഫെഡറേഷൻ രൂപീകരണം തുടങ്ങി. അമുലിന്റെയും റബർ മേഖലയിലെ ആർപിഎസുകളുടെയും പ്രവർത്തനമാണു മാതൃകയായി സ്വീകരിച്ചത്.

2013 ജനുവരി അഞ്ചിനു നീര ഉത്പാദനത്തിന് അനുമതി തേടി ഫെഡറേഷൻ പ്രവർത്തകർ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ സന്ദർശിച്ചു. അതിന്റ ഫലമായി നീര ഉത്പാദന പഠന റിപ്പോർട്ട് നൽകാൻ സമിതിയെ നിയോഗിച്ചു. പിന്നീട് നീര ഉത്പാദനത്തിന് അനുമതി നൽകി സർക്കാർ ഉത്തരവിറക്കി.

കേരളത്തിലെ തെങ്ങിന്റെ ഉത്പാദനശേഷി രോഗം കാരണം മൂന്നിൽരണ്ടായി ചുരുങ്ങിയിട്ടുണ്ട്. കാറ്റുവീഴ്ച കാരണം ഓരോവർഷവും 20 ശതമാനം തെങ്ങ് മുറിച്ചുമാറ്റുന്നു. വച്ചുപിടിപ്പിക്കുന്ന പുതിയ തെങ്ങിൻതൈ കുറിയ ഇനമാക്കാനും 2019-ൽ സ്ത്രീകൾക്കും കുട്ടികൾക്കും തറയിൽ നിന്നു ചെത്താനുള്ള അവസരമൊരുക്കാനുമാണു ലക്ഷ്യമിടുന്നത്. അഞ്ചുവർഷംകൊണ്ട് 18 ലക്ഷം കുറിയ ഇനം തെങ്ങ് നടാനാകും. എങ്കിൽ ആദ്യവർഷം തറയിൽ നിന്നും അടുത്തവർഷം ഏണിയിൽ നിന്നും സ്വന്തമായി ചെത്താനാകും.